**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2812** **10-03-2025 - ൽ മറുപടിയ്ക്ക്**

**നവജാത ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ നവജാത ശിശുക്കളുടെയും അവരുടെ അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• **ജനനീജന്മരക്ഷ പദ്ധതി**<br>• പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പവരുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനീ ജന്മരക്ഷാ പദ്ധതി. ഈ പദ്ധതി പ്രകാരം ഗർഭാവസ്ഥയിലെ മൂന്നാം മാസം മുതൽ 18 മാസത്തേയ്ക്ക് പ്രതിമാസം 2000/- രൂപ ധനസഹായം അനുവദിക്കുന്നു.<br><br>**വാൽസല്യ സ്പർശം പദ്ധതി**<br><br>അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രികാലങ്ങളിൽ മുലയൂട്ടൽ അപകട രഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും, അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നു വീതം ഫീൽഡ് നേഴ്സുമാരെ വൽസല്യ സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.<br><br>**ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്**<br><br>അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ |

കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**ഊരിന്റെ താരാട്ട് പദ്ധതി**

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്.

**ഊരിന്റെ താരാട്ട് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ (നവജാത ശിശു സംരക്ഷണ) കിറ്റ് വിതരണം ചെയ്യുന്നതിനായി "സ്നേഹപൂർവം അമ്മയ്ക്ക്" എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്തു വരികയും ചെയ്തിട്ടുണ്ട്.**

**പോഷകാഹാര ലഭ്യത വിവിധ പദ്ധതികളിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.**

**പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിംഗ് നൽകി വരുന്നു.**

**ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നല്കി വരുന്നു.**

**സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.**

**സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2,500/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്.**

**പ്രതിരോധ കുത്തിവയ്പ്പ് നൽകൽ, വിളർച്ചയുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി വരുന്നു. കൂടാതെ കുട്ടികൾക്കും, ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡും, വിറ്റാമിനുകളും കൃത്യമായി വിതരണം ചെയ്ത് വരുകയും ചെയ്യുന്നു.**

| | | | |
|---|---|---|---|
| | | | **അട്ടപ്പാടിയിലെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ്പ് ഡസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്.**<br><br>**അട്ടപ്പാടി ഐ.റ്റി.ഡി.പി.യുടെ ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കി വരുന്നുണ്ട്.**<br><br>**അട്ടപ്പാടി പി.വി.റ്റി.ജി. മേഖലയിലെ ആരോഗ്യകാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനായി വകുപ്പിന്റെ കീഴിൽ പുതിയൊരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ